(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എച്ച്. എൽ. എൽ.വഴി ഏതെല്ലാം പ്രവർത്തനങ്ങൾ പുറംകരാർവഴി നടപ്പാക്കുന്നുവെന്നറിയിക്കുമോ ; ഇതിന്റെ വ്യവസ്ഥകൾ വ്യക്തമാക്കാമോ ;

(സി) പുറംകരാർവഴി നിയമനങ്ങൾ നടത്തുമ്പോൾ സംവരണ വ്യവസ്ഥ പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച് കരാറിൽ നിലവിലുള്ള വ്യവസ്ഥ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

മെഡിക്കൽ കോളേജിലെ സ്റ്റാഫ് നഴ്സുമാരുടെ നിയമനം

91 (6796) ശ്രീ. എം. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ മെഡിക്കൽ കോളേജുകളിൽ നിലവിലുള്ള സ്റ്റാഫ് നഴ്സുമാരുടെ എണ്ണം എത്രയാണ് ; ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതു കാരണം സ്റ്റാഫ് നഴ്സുമാരുടെ നിയമനം അനിശ്ചിതമായി നീളുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അടിയന്തരമായി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കാൻ പി.എസ്.സി.-യോട് ആവശ്യപ്പെടുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ 31-5-2014-ൽ നിലവിലുള്ള സ്റ്റാഫ് നഴ്സുമാരുടെ എണ്ണം 1456 ആണ്. 31-5-2014-ലെ കണക്ക് പ്രകാരം ആകെ 813 ഒഴിവുകൾ നിലവിലുണ്ട്.

(ബി) മുഴുവൻ ഒഴിവുകളും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 11-5-2011 മുതൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സ്റ്റാഫ് നഴ്സ് നിയമനം സംസ്ഥാനതല റിക്രൂട്ട്മെന്റ് മുഖാന്തിരമാക്കിയിട്ടുണ്ട്. അപ്രകാരം സംസ്ഥാനതല റാങ്ക് പട്ടിക നിലവിലില്ലാത്തതാകുന്നു. സംസ്ഥാന തല നിയമനത്തിനായി റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിൽ എത്രയും വേഗം നിയമന ശിപാർശ നൽകുവാൻ പി.എസ്.സി.-യോട് അപേക്ഷിച്ചിട്ടുണ്ട്.

മരുന്നുകളുടെ ദൗർലഭ്യം

92 (6797) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ സർക്കാർ ആശുപത്രികളിൽ, അത്യാവശ്യ മരുന്നുകൾ ആവശ്യത്തിന് ലഭ്യമാകുന്നില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly